പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2731 02.04.2013 ലെ മറുപടിയ്ക്ക്.

<u>ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്ര കോടി രൂപ മുതൽമുടക്ക് വരുന്ന പുതിയ പദ്ധതികളുടെ പഠന റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്ര മാനവശേഷി മന്ത്രിക്ക് കൈമാറിയെന്ന് വ്യക്തമാക്കാമോ; | (എ) | ആകെ 1340.4 കോടി രൂപയുടെ പദ്ധതിയുടെ പഠന റിപ്പോർട്ടാണ് കേന്ദ്ര മാനവശേഷി മന്ത്രിക്ക് കൈമാറിയിട്ടുള്ളത്. |
| (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് എന്ത് തുക അനുവദിക്കണമെന്ന് പദ്ധതി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. | (ബി) | 200 കോടി രൂപ |
| (സി) | പ്രസ്തുത പഠന റിപ്പോർട്ടിൽ സംസ്ഥാനത്തെ നിർദ്ദിഷ്ട ഐ.ഐ.ടി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ വിദ്യാഭ്യാസ, വ്യാവസായിക സാമൂഹിക വികസനത്തിന് ആക്കം കൂട്ടുന്നതിനും അതുവഴി വിവര സാങ്കേതിക വിദ്യയിൽ സംസ്ഥാനത്തിനുള്ള വൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വ്യാവസായിക രംഗത്ത് ഒരു കുതിച്ചുചാട്ടത്തിനും നാസ്കോം (NASSCOM) റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം വിവര സാങ്കേതിക വിദ്യാരംഗത്തെ ഒരു നിക്ഷേപ കേന്ദ്രം ആയി കേരളത്തെ മാറ്റുന്നതിനും ഒരു ഐ.ഐ.ടി സ്ഥാപിക്കുന്നത് സഹായകരമാകും എന്ന വാദമാണ് സംസ്ഥാന സർക്കാർ ഉയർത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കൊച്ചി സർവ്വകലാശാലയെ ഐ.ഐ.ഇ.എസ്.ടി ആയി ഉയർത്തുവാൻ പഠന റിപ്പോർട്ടിൽ നിർദ്ദേശം ഉണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. ഐ.ഐ.ഇ.എസ്.ടി ആയി ഉയർത്തുന്നതിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ കേന്ദ്ര സർക്കാരിന് കൈമാറുന്നതിനു സംസ്ഥാന സർക്കാർ സമ്മതം അറിയിച്ചിരുന്നു. 11-ാം പഞ്ചവത്സര പദ്ധതിയിൽ പ്രപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകുകയും 12-ാം പഞ്ചവത്സര പദ്ധതിയിൽ അനുവദിക്കുകയും ചെയ്യും എന്ന് കേന്ദ്ര മാനവ ശേഷി മന്ത്രാലയം അറിയിച്ചിട്ടുണ്ട്. മാനവ ശേഷി മന്ത്രാലയത്തിന്റെ ആവശ്യപ്രകാരം പദ്ധതി ചിലവുകൾ 698.30 കോടി രൂപയായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പഠന റിപ്പോർട്ട് കേന്ദ്രമാനവ വിഭവ ശേഷി മന്ത്രിക്ക് എന്നാണ് കൈമാറിയത്; 2013-14 അക്കാദമിക് വർഷം ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു; വിശദമാക്കുമോ? | (ഇ) | 05.01.2013 ലാണ് കൈമാറിയത്. കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിനനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ